MONDAY

25/08/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/08/2025

1. കേന്ദ്ര സർക്കാർ **"ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025 "** അപേക്ഷ ക്ഷണിച്ചു. 1. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, 2.ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ,3. ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. ആദ്യ രണ്ട് വിഭാഗങ്ങളിലെ പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 2 ലക്ഷം രൂപ അതോടൊപ്പം സർട്ടിഫിക്കറ്റും, മെമന്റോയും നൽകുന്നതാണ്. രണ്ടാം വിഭാഗത്തിന് ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ(AI) മെറിറ്റ് സർട്ടിഫിക്കറ്റും, മെമന്റോയും ലഭിക്കുന്നതാണ്. എന്നാൽ സമ്മാന തുക ഉണ്ടായിരിക്കുന്നതല്ല. അവാർഡ് ജേതാക്കൾക്ക് യാത്രാ ബത്തയും (railway Second A/C fare), ക്ഷാമബത്തയും റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതാണ്. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു

അവാർഡ് എന്നിവയിൽ ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽ രത്ന 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ(എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നു കാലികൾ (പശുക്കൾ –53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ)പരിപാലിക്കുന്ന കർഷകർക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട് . 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. കുറഞ്ഞത് 50 ക്ഷീര കർഷകർ അംഗങ്ങളായുള്ളതും, ദിനം പ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ, കമ്പനീസ് ആക്ട്/കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസിംഗ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കമ്പനി/ ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക് ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന അവാർഡ് പോർട്ടലിലൂടെ അപേക്ഷിക്കാവുന്നതാണ്.അപേക്ഷകൾസമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025. താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

2. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. 'നാരിയൽ കാ മൂല്യവർദ്ധൻ' (**Value Addition of**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**Coconut**) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ സി ഇൗ ഒാ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ സെപ്റ്റംബർ 12 ാം തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484-2377266 (Extn- 145/121) എന്ന നമ്പറിൽ ബന്ധപ്പെടുക.

3. തൃശ്ശൂർ ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പച്ചക്കറി കർഷകർക്ക് പച്ചക്കറി വിത്തുകള് സൗജന്യമായി നൽകുന്നു. വള്ളിപയർ, പാവല്, വെണ്ട, ചീര, കുറ്റിപയർ, കുമ്പളം, വെള്ളരി, വഴുതന എന്നിവയുടെ വിത്തുകൾ ലഭ്യമാണ്. കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും ജാതി തെളിയിക്കുന്ന രേഖയുമായി തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിലേക്ക് 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) വിളിച്ച് ബന്ധപ്പെട്ടതിനുശേഷം വരേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം കോമ്പൌണ്ടില് മുറിച്ച് സൂക്ഷിച്ചിട്ടുള്ള ആഞ്ഞിലിമരം പരസ്യമായി ലേലം കൈക്കൊള്ളുന്നതിന് നിബന്ധനകൾക്ക് വിധേയമായി GST അക്കൌണ്ട് നമ്പർ ഉള്ള വ്യക്തി/സ്ഥാപനങ്ങളെ ക്ഷണിച്ചു കൊള്ളുന്നു. ലേല തീയതി 26/08/2025 ന് ഉച്ചക്ക് 12 മണിക്ക് . ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 5000/-രൂപ ആയി 26/08/2025ന് രാവിലെ 11.30ന് മുൻപായി ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതും ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി അന്നേ ദിവസം തന്നെ നിരതദ്രവ്യമായി ഒടുക്കിയ 5000/-രൂപ PRINCIPAL, DAIRY TRAINING CENTRE, BEYPORE NORTH, NADUVATTAM, KOZHIKODE എന്ന വിലാസത്തിൽ DD ആയി നൽകേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495 2414579, മെയിൽ dd-dtc-kkd.dairy@kerala.gov.in

5. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള നയ സമീപനരേഖ പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ പൊതുജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകൾ തുടങ്ങിയവരുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതിന്റെ ഭാഗമായി കരട് നയ സമീപന രേഖ പരിശോധനയ്ക്കായി കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (https://forest.kerala.gov.in/) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും **ആഗസ്റ്റ് 27 ന് മുൻപ്** hwcpolicy.submission@gmail.com ഇമെയിൽ വിലാസത്തിലേക്ക് അയക്കാവുന്നതാണ് .

**പരിശീലന പരിപാടി**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **30.08.2025 ന് പഴം പച്ചക്കറി സംസ്കരണം (ജാം,അച്ചാർ നിർമ്മാണം) എന്ന വിഷയത്തിൽ** ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. വിശദമായ ക്ലാസ്സും പ്രാക്ടിക്കലും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന **വനിതകൾ** 27.08.2025 ന് മുമ്പായി 0487-2370773, 8547070773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"സുരക്ഷിതമായ പാലുൽപ്പാദനം"** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 26, 27 തീയതികളിൽ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9496332048, 04734299869, 8304948553, 9447305100 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം അയക്കുകയോ ചെയ്ത് ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം